കേര കൃഷി വികസനത്തിന് കരവാരം പഞ്ചായത്തിൽ ചെലവഴിച്ച തുക

1944 [3016] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി കരവാരം പഞ്ചായത്തിൽ 1986-87-ൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്ക് നീക്കിവച്ച തുക എത്ര?

ഉത്തരം

(എ) കരവാരം പഞ്ചായത്തിൽ മാത്രം ചെലവാക്കിയ തുകയുടെ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ കരവാരം പഞ്ചായത്തുകൂടെ ഉൾപ്പെടുന്ന പള്ളിക്കൽ കൃഷിവികസന ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾക്ക് മൊത്തമായി 1986-87-ൽ ഇതേവരെയായി കേരകൃഷി വികസനത്തിനുവേണ്ടി മുപ്പത്തി ഏഴായിരം രൂപ (37,000) ചെലവാക്കിയിട്ടുണ്ട്.

(ബി) കരവാരം പഞ്ചായത്തുകൂടെ ഉൾപ്പെടുന്ന പള്ളിക്കൽ കൃഷിവികസന ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ കേര കൃഷിവികസനത്തിനായി 1986-87-ൽ 43,000 രൂപ (നാൽപ്പത്തി മൂവ്വായിരം രൂപ) നീക്കിവച്ചിട്ടുണ്ട്.

കേര കൃഷി വികസനത്തിന് പള്ളിക്കൽ പഞ്ചായത്തിൽ ചെലവഴിച്ച തുക.

1945 [3017] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേര കൃഷി വികസനത്തിനുവേണ്ടി പള്ളിക്കൽ പഞ്ചായത്തിൽ ചെലവാക്കിയ തുക എത്ര;

(ബി) അതിലേക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലേക്ക് നീക്കിവച്ച തുക എത്ര?

ഉത്തരം

(എ) കൃഷിവകുപ്പിൽനിന്നും പദ്ധതികളും നടപ്പിലാക്കുന്നത് പഞ്ചായത്തുകളും തിരിച്ചല്ല. ഓരോ കൃഷി ഡവലപ്പ്മെന്റ് ഓഫീസുകളുടേയും അധികാരപരിധിയിൽ വരുന്ന പ്രദേശങ്ങൾക്ക് മൊത്തമായാണ്. പള്ളിക്കൽ പഞ്ചായത്തുകൂടെ ഉൾപ്പെടുന്ന പള്ളിക്കൽ കൃഷി വികസന ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ കേര കൃഷി വികസനത്തിനായി ഇതേവരെ 37,000 രൂപ (മുപ്പത്തി ഏഴായിരം) ചെലവാക്കിയിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തുൾപ്പെടുന്ന പള്ളിക്കൽ കൃഷി വികസന ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ കേര കൃഷി വികസനത്തിനായി 43,000 രൂപ (നാൽപ്പത്തി മൂവ്വായിരം) നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly